**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2371** **12-12-2022 - ൽ മറുപടിയ്ക്ക്**

**വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദപഠനം പൂർത്തിയാക്കിയവർക്ക് കേരളത്തിൽ ചികിത്സ തുടങ്ങുന്നതിന് എത്ര വർഷത്തെ പരിശീലനമാണ് നിർബന്ധമാക്കിയിട്ടുള്ളത്; | (എ) | വിദേശത്തു നിന്നും മെഡിക്കൽ ബിരുദ പഠനം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികൾക്ക് ദേശീയ മെഡിക്കൽ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്.പ്രസ്തുത പരിശീലനം പൂർത്തിയാക്കി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നുള്ള പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്ന മുറയ്ക്ക് കേരളത്തിൽ ചികിത്സ ആരംഭിക്കാവുന്നതാണ്. |
| (ബി) | വിദേശത്ത് പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് താൽകാലിക രജിസ്ട്രേഷൻ നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വിദേശ മെഡിക്കൽ ബിരുദം പൂർത്തിയാക്കി താൽക്കാലിക രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുന്നവരുടെ സർട്ടിഫിക്കറ്റുകൾ വിദേശ യൂണിവേഴ്സിറ്റി, അതാത് എംബസികൾ, നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ്, അതാത് ഹയർ സെക്കൻഡറി ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് വെരിഫിക്കേഷനായി അയച്ചു നൽകുന്നു. മേൽപ്പറഞ്ഞിട്ടുള്ള വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്ക്രൂട്ടണി നടത്തി അംഗീകരിച്ച ശേഷം ടി അപേക്ഷകർക്ക് താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന നടപടിയാണ് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ്വീകരിച്ചു വരുന്നത്. |
| (സി) | ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദേശ പ്രകാരം വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കേളേജുകളിലേക്ക് പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ 21-09-2022 ലെ പബ്ളിക് നോട്ടീസ്, 19-10-2022 ലെ കത്ത് എന്നിവ പ്രകാരം, വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിലേയ്ക്ക് പരിമിതപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ചുള്ള ചില അവ്യക്തതകൾ നീക്കുന്നതിലേക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ അഭിപ്രായം സംസ്ഥാന മെഡിക്കൽ കൗൺസിൽ തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ